**നാഷണൽ ന്യൂട്രിഷൻ മിഷൻ - സ്റ്റേറ്റ് പ്രൊജക്റ്റ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ**

**(ഹാജർ : ശ്രീമതി അനുപമ.റ്റി.വി IAS)**

================================================================

**വിഷയം :** വനിത ശിശു വികസന വകുപ്പ്- നാഷണൽ ന്യൂട്രിഷൻ മിഷൻ- സമ്പുഷ്ട കേരളം- "**കുടുംബങ്ങളിലേക്ക് അങ്കണവാടി**" - കൊറോണ ബോധവത്കരണത്തിനും വിവരശേഖരണത്തിനും ഫോൺ മുഖാന്തിരം IEC കാമ്പയിൻ സംഘടിപ്പിക്കുന്നത് സംബന്ധിച്ച്

**സൂചന:** സ.ഉ. (സാധാ) നമ്പർ. 1238/2020/ പൊ. ഭ. വ. തീയതി 19/3/2020

================================================================

**ഉത്തരവ് നമ്പർ WCD/NNM4/005965(A)/2020 - തീയതി : 21/3/2020**

കോവിഡ് 19 സംസ്ഥാനത്തു റിപ്പോർട്ട് ചെയ്തിരിക്കുകയാണ് . ഈ സാഹചര്യത്തിൽ രോഗവ്യാപനം തടയുക എന്നതാണ് നമ്മുടെ മുന്നിലുള്ള പ്രധാനപ്പെട്ട കർത്തവ്യം. ബ്രേക്ക് ദി ചെയിൻ എന്ന നാമത്തിൽ സാമൂഹ്യസുരക്ഷാ പ്രചരണ പദ്ധതിയിലൂടെ വിവിധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്തു നടന്നുകൊണ്ടിരിക്കുകയാണ്. ഈ പ്രവർത്തനത്തെ പിന്തുണയ്ക്കുന്നതിന്റെ ഭാഗമായി നമ്മുടെ വകുപ്പും "**കുടുംബങ്ങളിലേക്ക് അങ്കണവാടി**" എന്ന പേരിൽ ഫോണിലൂടെ അറിയിപ്പുകൾ, സംശയനിവാരണം, വിവരശേഖരണം , പരാമർശ സേവനങ്ങൾ എന്നിവ നൽകുന്ന ഒരു പദ്ധതി തയ്യാറാക്കിയിരിക്കുകയാണ്. അതിന്റെ ഭാഗമായി ചെയ്യേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- അങ്കണവാടി പ്രദേശത്തെ മുഴുവൻ വീടുകളും ഫോൺ മുഖേനെ ബന്ധപെട്ടു അവരുടെ സുഖ വിവരങ്ങൾ അന്വേഷിക്കേണ്ടതുണ്ട്.
- ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ, പ്രായമായവർ തുടങ്ങിയവരുടെ സുഖവിവരങ്ങൾ പ്രത്യേകം അന്വേഷിക്കണം.
- ഇത്തരക്കാരോട് കഴിവതും വീട്ടിനുള്ളിൽ തന്നെ കഴിയുവാൻ ആവശ്യപ്പെടുക.
- വ്യക്തി ശുചിത്വത്തിന്റെ പ്രാധാന്യം വീട്ടുകാരെ ഓർമ്മിപ്പിക്കുക.

- രോഗലക്ഷണങ്ങൾ ഉള്ള ആരെങ്കിലും ഉണ്ടെങ്കിൽ അടുത്തുള്ള ആരോഗ്യ കേന്ദ്രത്തെ / JPHN അറിയിക്കുക.
- വിദേശത്തു നിന്ന് വന്ന ആരെങ്കിലും ഉണ്ടെങ്കിൽ അവരോടു വീട്ടിനുള്ളിൽ തന്നെ കഴിയുവാൻ അറിയിക്കുകയും അവരുടെ വിവരങ്ങൾ ആരോഗ്യ വകുപ്പിന് കൈമാറുകയും ചെയ്യുക.

ഇതോടൊപ്പം പോഷൻ വാണിയിലൂടെ നിത്യവും ലഭിക്കുന്ന കൊറോണ വയറസ് സംബന്ധമായ ബോധവത്കരണ സന്ദേശങ്ങൾ അങ്കണവാടി പ്രവർത്തകരിലൂടെ പൊതുസമൂഹത്തിനു ലഭിക്കുന്നുണ്ടെന്നും പ്രോഗ്രാം ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

## സാമ്പത്തിക വിശകലനം

ടി പ്രവർത്തനത്തിന് ഓരോ അങ്കണവാടിക്കും 250 രൂപ വകയിരുത്തിയിട്ടുണ്ട്. തുക എല്ലാ CDPO - മാർ മുഖേനെ അങ്കണവാടി പ്രവർത്തകയ്ക്കു നൽകുന്നതാണ്. ഈ തുക ഉപയോഗിച്ച് അവരവരുടെ സ്വന്തം ഫോണുകൾ റീചാർജ് ചെയ്യാനായി വിനിയോഗിക്കാവുന്നതും അല്ലാത്തപക്ഷം ഫീൽഡ് വിസിറ്റ് നടത്തുമ്പോഴോ ആരോഗ്യപ്രവർത്തകരുടെ കൂടെ പ്രതിരോധപ്രവർത്തനങ്ങൾക്കോ കിയോസ്ക് പാലനത്തിന് നിയോഗിക്കപ്പെടുന്നവർക്കോ ആവശ്യമെങ്കിൽ സാനിറ്റൈസർ / മാസ്ക് എന്നിവ വാങ്ങുന്നതിനും ഉപയോഗിക്കാവുന്നതാണ്. ഇതിനാവശ്യമായ തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ഉടനെ നൽകുന്നതാണ്.

for [signature]

വനിത ശിശു വികസന ഡയറക്ടർ

**കോപ്പി ടു**

- പ്രോഗ്രാം ഓഫീസർമാർ
- CDPO- മാർ
- സൂപ്പർവൈസർമാർ
- എല്ലാ അങ്കണവാടി വർക്കർമാർക്കും ( സൂപ്പർവൈസർമാർ മുഖേനെ)
- സ്റ്റോക് ഫയൽ